# സെന്റ്. ജോസഫ്സ് എച്ച് എസ് എസ് ഫോർ ഗേൾസ്

## ആലപ്പുഴ

......

## വാർഷിക റിപ്പോർട്ട് 2021 2022

പൊട്ടിച്ചിരികളും കളിതമാശകളും ആയി ഈ വിദ്യാലയ മുറ്റത്ത് പാറി പറക്കേണ്ടിയിരുന്ന രണ്ട് വർണ്ണ ശലഭങ്ങൾ, നമ്മുടെ പൊന്നോമനകളായ നൂറയും ആവണിയും! സ്വർഗ്ഗീയ ഉദ്യാനത്തിൽ വർണ്ണ സുമങ്ങളായി പരിലസിക്കുന്ന രണ്ട് കുഞ്ഞുങ്ങളേയും ഒരു നിമിഷം സ്മരിച്ചുകൊണ്ട് 2021 22 അധ്യയന വർഷത്തെ വാർഷിക റിപ്പോർട്ട് അവതരിപ്പിക്കുന്നു.

വിശുദ്ധ മാഗ്ദലിന്റെ പാത പിന്തുടർന്ന് മൂല്യബോധത്തിലും സ്വഭാവരൂപീകരണത്തിലും വേരൂന്നിയ സമഗ്ര വിദ്യാഭ്യാസം പെൺകുട്ടികൾക്ക് പകർന്നുനൽകി പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഗണത്തിൽ നിന്ന് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സെന്റ് ജോസഫ്സ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ എന്ന കലാലയം ആലപ്പുഴയുടെ മണ്ണിൽ അറിവിന്റെ പുതുലോകം തുറന്നിട്ട് ഒരു ശതാബ്ദം പിന്നിട്ടിരിക്കുന്നു. കാലാകാലങ്ങളായി പാഠ്യ പാഠ്യേതര ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ മികവു പുലർത്തി ഐ.എ.എസ്, ഐ.പി.എസ്, ശാസ്ത്രജ്ഞർ തുടങ്ങി സമൂഹത്തിന്റെ ഉന്നത മേഖലകളിൽ നിരവധി പ്രതിഭകളെ വാർത്തെടുത്തു കൊണ്ട്, ശതാബ്ദി നിറവിൽ പ്രശോഭിക്കുന്ന ഈ വിദ്യാലയത്തിന്റെ നാളിതുവരെയുള്ള വിജയം, ദൈവപരിപാലനയിൽ ആശ്രയിച്ചുകൊണ്ട് അർപ്പണ മനോഭാവത്തോടും ആത്മത്യാഗത്തോടും കൂടിയ കാനോഷ്യൻ പാരമ്പര്യത്തിന്റെ ചരിത്രമാണ്.

ജോസഫൈൻ കുടുംബത്തിൽ അർപ്പണ മനോഭാവത്തോടെ സേവനം ചെയ്യുന്ന 80 അധ്യാപകരും ഒമ്പത് അനധ്യാപകരും 2974 വിദ്യാർഥിനികളും ഉൾക്കൊള്ളുന്ന കർമ്മവീഥിയിൽ ഞങ്ങളോടൊപ്പം നടന്ന ആദരണീയ ഗുരു ശ്രേഷ്ഠരായ ഇംഗ്ലീഷ് അധ്യാപിക സിസ്റ്റർ മേരി ആൻ സെലസ്റ്റിൻ, ഗണിത അധ്യാപിക ശ്രീമതി രഞ്ജിൻ മേരി ഉമ്മൻ, സോഷ്യൽ സയൻസ് അധ്യാപിക ശ്രീമതി ഷീല റൊസാരിയോ, ഹിന്ദി അധ്യാപിക മേരി എലിസബത്ത് വർഗീസ്, ശാസ്ത്ര അധ്യാപിക ശ്രീമതി ബിയാൻക എന്നിവർ തങ്ങളുടെ സ്തുത്യർഹമായ ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിക്കുകയാണ്. അവരുടെ അമൂല്യ സേവനങ്ങളെ നന്ദിപൂർവ്വം സ്മരിച്ചു കൊണ്ട് 2021 22 അധ്യയനവർഷത്തിന്റെ നാൾവഴിയിലൂടെ...

കോവിഡ് മഹാമാരി 2020 21 സ്കൂൾ അധ്യയനവർഷം കവർന്നെടുത്തതിന്റെ തുടർച്ചയെന്നോണം 2021 22 അധ്യയന വർഷവും ഓൺലൈൻ പഠന ബോധന തന്ത്രങ്ങളിലൂടെ ജൂൺ ഒന്നിന് ഏറ്റവും ഫലപ്രദമായ രീതിയിൽ തന്നെ അധ്യയനം ആരംഭിച്ചു. കേരള പൊതു വിദ്യാഭ്യാസ വകുപ്പ്, കൈറ്റ് വിക്റ്റേഴ്സുമായി ചേർന്ന് നടപ്പിലാക്കിവരുന്ന ഫസ്റ്റ് ബെൽ-2 പ്രോഗ്രാം ഈ സ്കൂളിലെ 2341 കുട്ടികൾക്കും കാണുന്നതിന് ആവശ്യമായ ഡിജിറ്റൽ പഠനം സാധ്യമാക്കി. 2 ടി.വി, 30 മൊബൈൽ ഫോൺ ഇവ അധ്യാപകരുടെയും സുമനസ്സുകളുടേയും സഹായത്തോടെ നൽകി. കൃത്യമായ ടൈം ടേബിൾ പ്രകാരം ഓൺലൈൻ ക്ലാസുകൾ വഴി മാതാപിതാക്കളുടെ ആശങ്കകൾ അകറ്റുവാനും, കുട്ടികൾക്ക് പഠനോത്സുകത വർദ്ധിക്കുവാനും സഹായവുമായി. കുട്ടികളുടെ പഠന പുരോഗതി വിലയിരുത്തുന്നതിനായി എല്ലാ ക്ലാസുകളിലേക്കും ഓൺലൈൻ അസസ്മെന്റ് ടെസ്റ്റ് നടത്തുകയുണ്ടായി.

പഠന പ്രവർത്തനങ്ങളോടൊപ്പം കുട്ടികളുടെ മാനസിക ഉല്ലാസത്തിന് പര്യാപ്തമാകുന്ന വിധത്തിൽ ഓൺലൈനായി പാഠ്യേതര പ്രവർത്തനളും ദിനാചരണങ്ങളും സമുചിതമായി ആചരിക്കുകയുണ്ടായി. വായനപക്ഷാചരണം, പരിസ്ഥിതി ദിനം, ലഹരിവിരുദ്ധ ദിനം, വയോജന പീഡനവിരുദ്ധ ദിനം, ഗ്രാൻഡ് പാരൻസ് ഡേ, ചാന്ദ്ര ദിനം, വിവിധ ക്ലബ്ബുകളുടെ പ്രവർത്തനോദ്ഘാടനം, കേരള ഒളിമ്പിക് അക്കാദമി സംഘടിപ്പിച്ച മത്സരങ്ങൾ, സീറോ കാർബൺ വേസ്റ്റ് പ്രൊജക്ട് എന്നിവയിലെല്ലാമുള്ള കുട്ടികളുടെ പങ്കാളിത്തം അവരുടെ പഠന മികവ് വളർത്തുന്നതിന് സഹായകമായി. പൊതുവിദ്യാലയങ്ങളിലെ കുട്ടികൾക്കായി 'സമഗ്ര ശിക്ഷാ കേരള'ത്തിന്റെ നേതൃത്വത്തിൽ 'വീട് ഒരു വിദ്യാലയം' പദ്ധതിയുടെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ദീർഘകാലമായി അടഞ്ഞു കിടന്നിരുന്ന സ്കൂളുകൾ തുറക്കാൻ വിദ്യാഭ്യാസവകുപ്പ് തീരുമാനം എടുത്തപ്പോൾ തന്നെ നമ്മുടെ സ്കൂളും ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തി. വിദ്യാർത്ഥികളെ സ്വീകരിക്കാനും അതിനുവേണ്ടുന്ന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി മാനേജ്മെന്റിന്റേയും അധ്യാപകരുടെയും പി ടി എ യുടെയും സഹകരണത്തോടെ ക്ലാസ് മുറികളും സ്കൂൾ പരിസരവും അണുവിമുക്തമാക്കി. ഹെഡ്മിസ്ട്രസ് സിസ്റ്റർ മിനി ചെറുമനത്തിന്റെ നേതൃത്വത്തിൽ ക്ലാസ് പിടിഎ നടത്തി കോവിഡ് മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നതിന് വേണ്ട ആവശ്യകതയെക്കുറിച്ച് മാതാപിതാക്കളെയും കുട്ടികളെയും ബോധവാന്മാരാക്കി.

നവംബർ 1 കേരളപ്പിറവി ദിനത്തിൽ വീടിന്റെ നാല് ചുവരുകൾക്കുള്ളിൽ നിന്ന് വിദ്യാലയത്തിന്റെ വിശാലമായ അങ്കണത്തിലേക്ക് ആഹ്ലാദം തിരതല്ലുന്ന മനസ്സോടെ പുത്തൻ പ്രതീക്ഷകളുമായി കൗതുകം നിറഞ്ഞ മിഴികളോടെ വിദ്യാർത്ഥികൾ ഒഴുകിയെത്തി. അലങ്കരിച്ച ക്ലാസ് മുറികളിൽ സ്നേഹ സാന്ത്വനമായി അധ്യാപകർ അവരെ സ്വീകരിച്ചു. കളിയും ചിരിയും നിറഞ്ഞ രണ്ടാഴ്ച കാലത്തെ ഉല്ലാസ ക്ലാസുകൾ കുട്ടികളുടെ മനസ്സിലെ മഹാമാരിയുടെ മുറിവുണക്കാൻ പര്യാപ്തമായിരുന്നു.

ആദ്യഘട്ടത്തിൽ രണ്ട് ബാച്ചുകളിലായി ഉച്ചവരെ മാത്രം നീണ്ടുനിൽക്കുന്ന ക്ലാസുകളിൽ 90 ശതമാനത്തോളം കുട്ടികളും ഹാജരായിരുന്നു. ഡി. ഇ. ഓ.യുടെ പ്രത്യേക നിർദ്ദേശ പ്രകാരം പത്താം ക്ലാസിലെ കുട്ടികൾക്ക് 4 മണി വരെ ക്ലാസ്സുകൾ എടുക്കുകയും, സമയബന്ധിതമായി പാഠഭാഗങ്ങൾ പഠിപ്പിച്ചു തീർക്കുകയും ചെയ്തു. ഫെബ്രുവരി 21 മുതൽ സ്കൂളുകൾ സാധാരണ നിലയിൽ പ്രവർത്തിച്ചു തുടങ്ങി

ഏതൊരു വിദ്യാലയത്തിന്റേയും ഒരു വർഷത്തെ കഠിന പ്രയത്നത്തിന്റെ ഉജ്ജ്വല പ്രകാശനമാണ് എസ്എസ്എൽസി റിസൾട്ട്. മഹാമാരിയുടെ ആശങ്കകൾക്കിടയിലും 2020 21 അധ്യയനവർഷത്തിൽ 386 കുട്ടികളിൽ 210 ഫുൾ എ പ്ലസ്സുമായി നൂറു മേനി വിജയം കൊയ്തപ്പോൾ, അത് ആലപ്പുഴ ജില്ലയിലെ ഏറ്റവും കൂടുതൽ ഫുൾ എ പ്ലസ്സുകൾ കരസ്ഥമാക്കിയ സ്കൂൾ എന്ന പൊൻതൂവൽ കൂടി നമ്മുടെ വിദ്യാലയത്തിന് സമ്മാനിച്ചു.

അഭൂതപൂർവ്വമായ ഈ നേട്ടങ്ങൾക്ക് ചുക്കാൻ പിടിച്ച മുൻ ഹെഡ്മിസ്ട്രസ് സിസ്റ്റർ മേഴ്സി തോമസ്സിന്റെ പിന്തുണയേയും പ്രോത്സാഹനങ്ങളേയും മാർഗ്ഗ നിർദ്ദേശങ്ങളേയും ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു. പോയ വർഷത്തേക്കാളേറെ തിളക്കമാർന്ന വിജയം സ്വന്തമാക്കാൻ ഈ വർഷം പുതിയതായി ചാർജെടുത്ത ഹെഡ്മിസ്ട്രസ് സിസ്റ്റർ മിനി ചെറുമനത്തിന്റേയും മുഴുവൻ അധ്യാപകരുടെയും രക്ഷിതാക്കളുടെയും കുട്ടികളുടെയും ആത്മാർത്ഥമായ പരിശ്രമം തുടർന്നു വരുന്നു.

## പി ടി എ

സ്കൂളിന്റെ സർവ്വതോന്മുഖമായ ഉന്നമനത്തിന് പിടിഎ വഹിക്കുന്ന പങ്ക് വളരെ നിസ്തുലമാണ്. അധ്യയന വർഷാരംഭം തന്നെ ഓൺലൈൻ വഴി ക്ലാസ്സ് പിടിഎ വിളിച്ചു കൂട്ടി അധ്യാപകരും രക്ഷിതാക്കളും തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിക്കുകയും പിടിഎ പ്രതിനിധികളെ തെരഞ്ഞെടുക്കുകയും ചെയ്തു. 25.10.2021 ൽ കോവിഡ്

മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പിടിഎ ജനറൽ ബോഡി സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടത്തുകയും വിദ്യാലയ വികസന സമിതി, വിദ്യാലയ സംരക്ഷണ സമിതി, മദർ പിടിഎ എന്നിവയിലേക്കുള്ള അംഗങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്തു. ഈ സമിതിയിൽ നിന്ന് പിടിഎ പ്രസിഡണ്ടായി ശ്രീ. കെ ജെ നോബിളിനേയും വൈസ് പ്രസിഡണ്ടായി ശ്രീ. റൂബൻ മെന്റസിനേയും തെരഞ്ഞെടുത്തു.

## വിവിധ ക്ലബ്ബുകൾ പ്രവർത്തനങ്ങൾ

ഈ അധ്യയന വർഷത്തിലെ വിവിധ ക്ലബ്ബുകളുടെ സംയുക്തമായ ഉദ്ഘാടനം മാലക്കല്ല് സെന്റ് മേരീസ് യു. പി. സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. സജി എം. എ. ജൂലൈ 23 ന് ഓൺലൈൻ ആയി നിർവഹിക്കുകയുണ്ടായി. ക്ലബ്ബുകളുടെ നേതൃത്വത്തിൽ വളരെ സജീവമായും ക്രിയാത്മകവുമായ പ്രവർത്തനങ്ങളാണ് സ്കൂളിൽ നടന്നു വരുന്നത്.

## ഭാഷാ ക്ലബുകൾ

വിദ്യാരംഗം കലാ സാഹിത്യ വേദി, ഇംഗ്ലീഷ്, ഹിന്ദി എന്നിങ്ങനെ മൂന്നു ഭാഷാ ക്ലബ്ബുകൾ നമുക്കുണ്ട്. കുട്ടികളിൽ അന്തർലീനമായിരിക്കുന്ന സർഗാത്മക കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കാനും വായനാശീലം പ്രോത്സാഹിപ്പിക്കാനും ഭാഷാ ക്ലബ്ബുകളുടെ മേൽനോട്ടത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്.

വിദ്യാരംഗം കലാ സാഹിത്യ വേദിയുടെ നേതൃത്വത്തിൽ ജൂൺ 19 മുതൽ രണ്ടാഴ്ചക്കാലം വായനാപക്ഷാചരണം ആചരിച്ചു. അതിന്റെ ഭാഗമായി രചനാമത്സരങ്ങൾ, പുസ്തകാസ്വാദനം, ക്വിസ്, പ്രസംഗം, ചിത്രരചന, കാവ്യമഞ്ജരി, നാടൻപാട്ട്, അഭിനയം തുടങ്ങിയ വ്യത്യസ്ത മത്സരങ്ങൾ സംഘടിപ്പിക്കുകയും വിജയികളെ സബ്ജില്ലാ ജില്ലാതല മത്സരങ്ങളിൽ പങ്കെടുപ്പിക്കുകയും ചെയ്തു. കഥാരചനയിൽ 10 ബിയിലെ മീനാക്ഷി സുജീവ്, കവിതാരചനയിൽ 10 സിയിലെ കാജൽ നോബിൾ എന്നീ കുട്ടികൾ സബ്ജില്ലാ ജില്ലാതല മത്സരങ്ങളിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. കൂടാതെ ബഷീർ ദിനം, വയലാർ ദിനം, കർഷകദിനം, ഓണം, കേരളപിറവി, ലോക മാതൃഭാഷാ ദിനം എന്നിവ സമുചിതമായി ആഘോഷിക്കുക യുണ്ടായി

ഹിന്ദി വാരാഘോഷത്തോടനുബന്ധിച്ച് ഹിന്ദി ക്ലബ്ബിന്റെ നേതൃത്വത്തിൽ കവിതാലാപനം, കഥ ചൊല്ലൽ, പ്രസംഗം, പോസ്റ്റർ നിർമ്മാണം തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിച്ചു. സൂരീലി ഹിന്ദി പദ്ധതിയുടെ ഭാഗമായി വിവിധ മത്സരങ്ങൾ നടത്തുകയും മികച്ചവ ബി ആർ സിക്ക് അയച്ചു കൊടുക്കുകയും ചെയ്തു. ആലപ്പുഴ ജില്ലാ അധ്യാപക കൂട്ടായ്മ സംഘടിപ്പിച്ച വിജ്ഞാൻ സാഗർ, രാജ്യസ്തരീയ ഖൂബി പ്രതിയോഗിതയിൽ 7 ബിയിലെ ശ്രേയ ആർ. ഒന്നാം സ്ഥാനം കരസ്ഥമാക്കി. പത്താം ക്ലാസിലെ മുഴുവൻ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് കേരള ഹിന്ദി പ്രചാരസഭയുടെ സുഗമ ഹിന്ദി പരീക്ഷ നടത്തി.

ഇംഗ്ലീഷ് ക്ലബ്ബിന്റെ നേതൃത്വത്തിൽ കുട്ടികളിൽ ഇംഗ്ലീഷ് ഭാഷയോടുള്ള ആഭിമുഖ്യം വളർത്താൻ ഉതകുന്ന രീതിയിൽ വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. അധ്യാപക ദിനം, ക്രിസ്തുമസ് എന്നിവ ഇംഗ്ലീഷ് അധ്യാപകരുടെ നേതൃത്വത്തിൽ അതിവിപുലമായി ആഘോഷിക്കുകയുണ്ടായി.

## എക്കോ ക്ലബ്

ജൂൺ അഞ്ചിന് ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് എക്കോ സിസ്റ്റം റീസ്റ്റോറേഷൻ എന്ന യു. എൻ. ആഹ്വാനത്തിന്റെ ഭാഗമായി ‘സേവ് എൻവിയോൺമെൻറ്’ എന്ന വിഷയത്തെ ആസ്പദമാക്കി പോസ്റ്റർ, കൗതുക വസ്തുക്കളുടെ നിർമ്മാണം എന്നിവ സംഘടിപ്പിച്ചു.

മാതൃഭൂമി സീഡ് ക്ലബ്ബ് ഗാന്ധി ജയന്തി ദിനത്തിൽ സംഘടിപ്പിച്ച ജില്ലാതല ചിത്രരചനാ മത്സരത്തിൽ ഒമ്പതാം ക്ലാസിലെ ലിബ അസ്സാമും, ഫോട്ടോഗ്രാഫി മത്സരത്തിൽ ഏഴാം ക്ലാസിലെ അനഘ നന്ദയും സമ്മാനാർഹരായി.

കേന്ദ്രസർക്കാർ ഡിസംബർ ഒന്നു മുതൽ 15 വരെ നടപ്പിലാക്കിയ ‘സ്വച്ഛതാ പക്ക്വാട’ പരിപാടിയിൽ നമ്മുടെ സ്കൂളും പങ്കാളികളായി. അതിന്റെ ഭാഗമായി കുട്ടികൾക്കായി ചിത്രരചന, പോസ്റ്റർ മത്സരങ്ങൾ സംഘടിപ്പിച്ചു.

കുട്ടികൾ വീടുകളിൽ കൃഷിചെയ്യുന്നതിന് ക്ലബ്ബ് പ്രോത്സാഹിപ്പിക്കുന്നു. 6 ബിയിലെ ഷബ്നാ കബീർ നമ്മുടെ സ്കൂളിലെ മികച്ച ഒരു കുട്ടി കർഷകയാണ്.

## സയൻസ് ക്ലബ്

2021 22 അധ്യയനവർഷത്തെ ഇൻസ്പെയർ അവാർഡ് നാഷണൽ ലവലിന് 5 കുട്ടികളുടെ പ്രൊജക്ട് ഈ വർഷം അയക്കുകയുണ്ടായി. അതിൽ ഹൃദ്യാ വിനോദ് (10 എ) ഗ്ലോറിയ മോനിച്ചൻ (10 ഡി) മെർലിൻ മേരി സാബു (9 എഫ്) എന്നീ കുട്ടികളുടെ പ്രോജക്ട് തെരഞ്ഞെടുക്കപ്പെടുകയും ഓരോ കുട്ടിക്കും 10,000 രൂപ വീതം അവാർഡ് തുകയായി ലഭിക്കുകയും ചെയ്തു.

ഈ വർഷത്തെ ബാലശാസ്ത്ര കോൺഗ്രസിൽ മെർലിൻ മേരി സാബു (9 എഫ്) കൈറ്റ്ലിൻ മരിയ മെൻഡിസ് (10 ബി) അടങ്ങുന്ന ടീം സ്റ്റേറ്റ് ലെവൽ പങ്കെടുത്ത് ബി ഗ്രേഡോടുകൂടി സർട്ടിഫിക്കറ്റ് കരസ്ഥമാക്കി.

## <u>സോഷ്യൽ സയൻസ് ക്ലബ്ബ്</u>

പ്രത്യേക ദിനങ്ങളായ ജൂൺ 15 വയോജന പീഡന വിരുദ്ധ ദിനം ജൂൺ 23 ലഹരി വിരുദ്ധ ദിനം, ജൂലൈ 11 പോപ്പുലേഷൻ ഡേ എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ, ക്വിസ്സ്, പ്രസംഗം, എസ്സേ കോമ്പറ്റീഷൻ എന്നിവ സംഘടിപ്പിച്ചു.

ഹിരോഷിമ (ഓഗസ്റ്റ് 6) നാഗസാക്കി ദിനം അനുസ്മരണം നടത്തി.

ഓഗസ്റ്റ് 14 വൈകു. 7 മണിക്ക് അമൃത മഹോത്സവവുമായി ബന്ധപ്പെട്ട് സ്കൂളിന് മുന്നിൽ അമൃതജ്യോതി തെളിയിച്ചു. ഡി. ഇ. ഒ ശ്രീമതി റാണി തോമസ്, അസിസ്റ്റൻറ് ഡിപിഐ മിസ്റ്റർ ജിമ്മി കെ. ജോസ് എന്നീ മഹത് വ്യക്തികളുടെ സാന്നിധ്യം സ്വാതന്ത്ര്യദിന ചടങ്ങുകൾക്ക് മാറ്റുകൂട്ടി. കുട്ടികൾ എല്ലാവരും അവരവരുടെ വീടുകളിൽ ദീപം തെളിയിച്ചു അമൃത മഹോത്സവം കൊണ്ടാടി.

ഓഗസ്റ്റ് 15 എഴുപത്തിയഞ്ചാം സ്വാതന്ത്ര്യ ദിനം പ്രമാണിച്ച് ഡിഫൻസ് സ്പെഷ്യൽ ഓഫീസർ മിസിസ് പെട്രീഷ്യ സ്വാതന്ത്ര്യദിന സന്ദേശം നൽകി. അമൃത മഹോത്സവവുമായി ബന്ധപ്പെട്ട് നടത്തിയ പ്രശ്നോത്തരിയിൽ കുമാരി കാജൽ നോബിൾ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

നഗരസഭാ ചത്വരത്തിൽ ഭരണഘടനയുമായി ബന്ധപ്പെട്ട് നടത്തിയ മത്സരത്തിൽ കാജൽ നോബിൾ, റീഫ എം, മീനാക്ഷി സുജീവ്, അക്ഷയ ജി ഗോമസ് എന്നിവർ ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കി.

ഇന്ത്യൻ ഭരണഘടനയുമായി ബന്ധപ്പെടുത്തി ആലപ്പുഴ പാർലമെൻറ് മണ്ഡലത്തിലെ വിദ്യാർഥികൾക്കായി നടത്തിയ ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം

നേടിയ കാജൽ നോബി ളും റീഫ എം ഉം കേരള നിയമസഭ സ്പീക്കർ എം. ബി. രാജേഷിൽ നിന്നും പുരസ്കാരം ഏറ്റുവാങ്ങി

## ഗണിത ക്ലബ്ബ്

ഗണിത ക്ലബ്ബിന്റെ നേതൃത്വത്തിൽ രാമാനുജൻ അനുസ്മരണ ദിനത്തിൽ ഓൺലൈൻ ആയി സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. പൈ ദിനത്തിന്റെ പ്രാധാന്യം കുട്ടികളിൽ എത്തിക്കുന്നതിനായി പത്താം ക്ലാസിലെ കുട്ടികളുടെ നേതൃത്വത്തിൽ വ്യത്യസ്തങ്ങളായ വീഡിയോ തയ്യാറാക്കി ക്ലാസ് ഗ്രൂപ്പുകളിൽ അവതരിപ്പിച്ചു.

## നല്ല പാഠം

മലയാള മനോരമയുടെ 'നല്ലപാഠം' പദ്ധതിയോടനുബന്ധിച്ച് ക്രിസ്തുമസ് കാലത്ത് കോവിഡ് മൂലം ക്ലേശം അനുഭവിക്കുന്ന കുട്ടികളെ സഹായിക്കുന്നതിനായി അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സഹകരണത്തോടെ ഭക്ഷ്യ കിറ്റുകൾ സമാഹരിച്ച് നിർധനരായ കുട്ടികൾക്ക് വിതരണം ചെയ്തു.

## ലിറ്റിൽ കൈറ്റ്സ്

വിവരസാങ്കേതികവിദ്യയിൽ പ്രാവീണ്യം നേടുക എന്ന ലക്ഷ്യത്തോടെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സിൽ 43 കുട്ടികൾക്കാണ് ഈ വർഷം അംഗത്വം ലഭിച്ചത്. കോവിഡ് സാഹചര്യത്തിൽ ഓൺലൈൻ ആയിട്ടാണ് ക്യാമ്പുകൾ നടത്തിയത്. കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ചു വിവിധ പ്രോജക്ടുകൾ നൽകി. പത്താം ക്ലാസിലെ കുട്ടികൾ അവരുടെ പ്രോജക്ടുകൾ തയ്യാറാക്കി കഴിഞ്ഞു.

## ഗൈഡ്സ്

നമ്മുടെ സ്കൂളിൽ പ്രവർത്തിക്കുന്ന 3rd ഗൈഡ് കമ്പനി വളരെ പ്രശംസാർഹമായ സേവനങ്ങളാണ് കാഴ്ചവച്ചു കൊണ്ടിരിക്കുന്നത്. ഈ അധ്യയന വർഷത്തെ പ്രവർത്തനങ്ങൾ ജില്ലാ അസോസിയേഷന്റെ നിർദ്ദേശപ്രകാരം

ഓൺലൈനായി ആരംഭിച്ചു. covid 19 ന്റെ സാഹചര്യത്തിൽ എല്ലാ കുട്ടികൾക്കും 50 മാസ്ക്ക് വീതം നിർമ്മിച്ച് അയൽ വീടുകളിൽ വിതരണം ചെയ്തു. പത്താം ക്ലാസിലെ 7 കുട്ടികൾ രാജ്യപുരസ്കാർ പരീക്ഷ പാസായി. സ്കൂൾ തുറന്ന ശേഷം സ്കൂളിൽ നടക്കുന്ന എല്ലാ പൊതുപരിപാടികളിലും ഗൈഡ് അംഗങ്ങളുടെ സജീവ സാന്നിധ്യം പ്രകടമാണ് ആണ്.

## റെഡ് ക്രോസ്

സേവന പ്രവർത്തനങ്ങളിൽ എന്നും സജീവ സാന്നിധ്യം തന്നെയാണ് റെഡ് ക്രോസ്. സ്കൂളിന്റെ അച്ചടക്ക പരിപാലനത്തിലും സ്കൂൾ പരിസരം ശുചിയാക്കുന്നതിലും റെഡ് ക്രോസ് എന്നും മുൻനിരയിലാണ്. ‘പ്രകൃതിസംരക്ഷണവും പരിപാലനവും’ ഈ വർഷത്തെ റെഡ് ക്രോസ് പ്രവർത്തനമായി കണ്ട് കുട്ടികൾ അവരുടെ വീടുകളിൽ വൃക്ഷത്തൈകൾ നട്ടു പരിപാലിക്കുന്നു. കഴിഞ്ഞവർഷം നടത്താനിരുന്ന ഒമ്പതാം ക്ലാസിലെ കുട്ടികളുടെ എ ലെവൽ, ബി ലെവൽ പരീക്ഷകൾ ഈ വർഷം നടത്താൻ സാധിച്ചു. 10 -ാം ക്ലാസിലെ ബി ലെവൽ പരീക്ഷകൾ പൂർണ്ണമായും നടത്തി. സി ലെവൽ പരീക്ഷയ്ക്കായി അവർ തയ്യാറെടുക്കുകയാണ്

## റോഡ് സേഫ്റ്റി ക്ലബ്ബ്

റോഡ് സുരക്ഷാ മാർഗങ്ങളെക്കുറിച്ചും ട്രാഫിക് സിഗ്നലുകളെ കുറിച്ചും കുട്ടികളിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സ്കൂളിൽ പ്രവർത്തിക്കുന്ന റോഡ് സേഫ്റ്റി ക്ലബ്ബിന്റെ നേതൃത്വത്തിൽ ക്രിയാത്മകമായ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ക്ലബ്ബിലെ അംഗങ്ങൾ രാവിലെയും വൈകുന്നേരവും സ്കൂൾ ഗേറ്റിലെ ട്രാഫിക് നിയന്ത്രിക്കുകയും സുരക്ഷിതമായി റോഡ് മുറിച്ചുകടക്കാൻ കുട്ടികളെ സഹായിക്കുകയും ചെയ്തു വരുന്നു

## ആധ്യാത്മിക തലം

അധ്യാപകരും വിദ്യാർത്ഥികളും ജീവിതവിശുദ്ധി പാലിക്കുന്നതിനും ആത്മീയതയിൽ വളരുന്നതിനും ഉതകുന്ന ആധ്യാത്മിക പ്രവർത്തനങ്ങൾക്കും നമ്മുടെ വിദ്യാലയം മുൻതൂക്കം നൽകി വരുന്നു. പ്രാർത്ഥനയിലും ദൈവ സ്നേഹത്തിലും

വളരാനും സഹജീവികളോട് കാരുണ്യം പ്രകടിപ്പിക്കാനും കെ സി എസ് എൽ, തിരു ബാലസഖ്യം കനോസാ ബഡ്സ് തുടങ്ങിയ സംഘടനകൾ അവസരം നൽകുന്നു.

## കെ സി എസ് എൽ

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിലും ഓരോ ക്ലാസിലെയും കത്തോലിക്കാ കുട്ടികളെ സംഘടിപ്പിച്ച് സിസ്റ്റർ പുഷ്പ, ശ്രീമതി മിനു പോൾ ശ്രീമതി അൽഫോൻസാ എന്നിവരുടെ നേതൃത്വത്തിൽ ഓൺലൈൻ ആയി കെ സി എസ് എൽ പ്രവർത്തനമാരംഭിച്ചു. അനുദിന ദിവ്യബലി, അനുദിന പ്രഭാത പ്രാർത്ഥന എന്നിവ ദിവസവും കുട്ടികളുടെ ഗ്രൂപ്പിൽ ഷെയർ ചെയ്ത് അവരെ വിശ്വാസത്തിൽ നിലനിർത്താൻ സഹായിച്ചു വരുന്നു. റഷ്യ യുക്രൈൻ യുദ്ധ പശ്ചാത്തലത്തിൽ ആലപ്പുഴ രൂപത മൗണ്ട് കാർമൽ കത്തീഡ്രലിൽ വച്ച് നടത്തിയ സമാധാന പ്രാർത്ഥനയിൽ 10 കെ സി എസ് എൽ അംഗങ്ങളെ പങ്കെടുപ്പിച്ചു.

## കായികരംഗം

ഈ കോവിഡ് കാലഘട്ടത്തിലും കായികരംഗത്തെ ഉജ്ജ്വലമാക്കി കൊണ്ടുപോകുന്നതിന് കായിക അധ്യാപകരുടെ നേതൃത്വത്തിൽ ഞങ്ങൾക്ക് സാധിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് വച്ച് നടന്ന സ്റ്റേറ്റ് റോളർ സ്കേറ്റിംഗ് കോമ്പറ്റീഷനിൽ 10 A എയ്റ്റ്നാ ബിജു ഒന്നാം സ്ഥാനം നേടി. പഞ്ചാബിലെ ചണ്ഡീഗഡിൽ വച്ച് നടന്ന നാഷണൽ റോളർ സ്കേറ്റിങ് ചാമ്പ്യൻഷിപ്പിൽ പങ്കെടുത്തു. കോഴിക്കോട് ് വച്ച് നടന്ന സംസ്ഥാന അത്‌ലറ്റിക് മത്സരത്തിൽ ബോൾ ത്രോയിൽ മൂന്നാം സ്ഥാനം നേടിക്കൊണ്ട് 9 ബി യിലെ അമ്മു ആൽബർട്ട് സ്കൂളി ന്റെ യശസ്സുയർത്തി.

## ആഘോഷങ്ങൾ

## കേരളപ്പിറവി

ഓൺലൈൻ ക്ലാസ്സുകൾക്ക് ശേഷം കേരളപിറവി ആഘോഷങ്ങളോടെയാണ് പുതിയ അധ്യയനവർഷത്തിന് നാന്ദികുറിച്ചത്. ഭാഷയടേയും സംസ്കാരത്തിന്റേയും പ്രാധാന്യത്തെക്കുറിച്ച് അധ്യാപിക ശ്രീമതി ഫ്രഡിൻ കുട്ടികളോട് സംസാരിച്ചു. കേരളത്തി ന്റെ മഹത്വം വിളിച്ചോതുന്ന കവിത കൃഷ്ണ ബി നാഥ് ആലപിച്ചത്

ഏവരെയും ഹർഷ പുളകിതരാക്കി. മലയാളം അധ്യാപിക സിസ്റ്റർ മിനിയുടെ നേതൃത്വത്തിൽ ഭാഷാപ്രതിജ്ഞചൊല്ലുകയും മലയാളം അധ്യാപകർ ക്ലാസ്സുകളിൽ നാടിന്റെയും ഭാഷയുടെയും മാഹാത്മ്യത്തെക്കുറിച്ച് കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുകയും, മലയാളത്തിന്റെ മഹിമാതിരേകം വാഴ്ത്തിപ്പാടുന്ന സിനിമാ ഗാനങ്ങളും, കവിതകളും, മത്സരബുദ്ധിയോടെ കുട്ടികൾ ക്ലാസുകളിൽ ആലപിക്കുകയും ചെയ്തു.

## ക്രിസ്തുമസ് ആഘോഷം

കോവിഡ് മഹാമാരിയുടെ ഭീതിയിൽ ആയിരുന്ന കുഞ്ഞുമനസ്സുകളിൽ സന്തോഷത്തിന്റെയും സമാധാനത്തിന്റെയും കുളിർ മഞ്ഞ് വീഴ്ത്തി ഈ വർഷത്തെ ക്രിസ്തുമസ് ആഘോഷം, അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനവും പാടി എത്തിയ കരോൾ സംഘങ്ങളും സാന്താക്ലോസും ക്രിസ്മസ് ട്രീയും പുൽക്കൂടുമെല്ലാം ആഘോഷങ്ങൾക്ക് മാറ്റുകൂട്ടി. ദൈവത്തിന്റെ കാരുണ്യം ഭൂമിയിൽ പെയ്തിറങ്ങിയ ക്രിസ്തുമസ് രാവിന്റെ ഓർമ്മ ഒരു പുൽക്കൂടനുഭവമായി ഓരോ വിദ്യാർത്ഥിയിലും പെയ്തിറങ്ങി.

## മികവുകൾ

സംസ്ഥാന സർക്കാർ വനിതാ ശിശു വികസന വകുപ്പ് ഏർപ്പെടുത്തിയ ഉജ്ജ്വലബാല്യം പുരസ്കാരത്തിന് നമ്മുടെ സ്കൂളിൽ 10 സീയിൽ പഠിക്കുന്ന കാജൽ നോബിൾ അർഹയായി. കല, സാഹിത്യം, സാമൂഹികം, ശാസ്ത്രം തുടങ്ങി വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച ആറിനും 18 നും ഇടയിൽ പ്രായമുള്ളവർക്ക് സർക്കാർ നൽകുന്ന പുരസ്കാരമാണ് ഉജ്ജ്വലബാല്യം. കവിതാരചന, കഥാരചന, ഉപന്യാസരചന, ക്വിസ്, പ്രസംഗം, കഥാപ്രസംഗം, കവിതാലാപനം, നൃത്തം തുടങ്ങി വ്യത്യസ്ത മേഖലകളിൽ മികവ് തെളിയിച്ച കാജൽ ഈ സ്കൂളിന്റെ ഉജ്ജ്വല താരം തന്നെയാണ്. മികച്ച പാർലമെന്റേറിയൻ വയലാർ രാമവർമ്മ കവിതാപുരസ്കാരം, കാവാലം നാരായണ പണിക്കർ കവിതാപുരസ്കാരം എന്നിങ്ങനെ വ്യത്യസ്ത മേഖലകളിലെ പുരസ്കാരങ്ങളും ഈ പ്രതിഭയെ തേടിയെത്തി. ദേശാഭിമാനി സംഘടിപ്പിച്ച അക്ഷരമുറ്റം ക്വിസ് മത്സരത്തിന്റെ ജില്ലാതല വിജയി കൂടിയാണ് കാജൽ. ജീവിതത്തിന്റെ വ്യത്യസ്ത തുറകളിൽ ഇനിയും ഉയരങ്ങളിലെത്തി പ്രശോഭിക്കുവാൻ കാജലിന് സാധിക്കട്ടെ എന്നാശംസിക്കുന്നു.

മൂന്നുവർഷം ആലപ്പുഴ ജില്ലയുടെ ഭരണ സാരഥ്യം വഹിച്ച ജില്ലാ കളക്ടർ അലക്സാണ്ടർ ഐ എ എസിന് ആലപ്പുഴ വിദ്യാഭ്യാസ വകുപ്പ് നൽകിയ യാത്രയയപ്പ് സമ്മേളനത്തിന് വേദിയായത് നമ്മുടെ വിദ്യാലയമാണ്. കളക്ടറുടെ സേവന മികവുകളെ വാങ്മയ രൂപത്തിൽ അവതരിപ്പിച്ച 'അഭിമാന താരം' എന്ന കവിതയാണ് ഈ സമ്മേളനത്തിന് മോടി കൂട്ടിയത്. ഈ സ്കൂളിലെ മലയാളം അധ്യാപകരും 9 എ യിലെ കൃഷ്ണ ബി നാഥും ചേർന്ന് രചിച്ച് ഈണം നൽകിയ ഈ കവിത ഏവരുടെയും മുക്തകണ്ഠമായ പ്രശംസക്ക് പാത്രമായി. ഈ കവിത ഭാവസാന്ദ്രമായി ആലപിച്ച കൃഷ്ണ ബി നാഥ് കളക്ടറുടെ പ്രത്യേക പ്രശംസ പിടിച്ചു പറ്റുകയും പൊന്നാടയണിയിച്ച് കളക്ടർ സന്തോഷം പങ്കിടുകയും ചെയ്തു. കൃഷ്ണ ബി നാഥിന്നും എല്ലാവിധ ആശംസകളും നേരുന്നു.

## ഉപസംഹാരം

സ്കൂളിന്റെ സർവ്വനന്മകൾക്കും കാരണഭൂതനായ സർവ്വശക്തന്റെ നിരന്തര പരിപാലനയ്ക്ക് മുൻപിൽ ഞങ്ങൾ നമ്രശിരസ്കരാകുന്നു. സ്കൂളിന്റെ ശ്രേയസ്സുയർത്തുവാൻ സഹായിക്കുന്ന പ്രിയ രക്ഷിതാക്കൾ, അഭ്യുദയകാംക്ഷികൾ, ആധ്യാത്മിക വളർച്ചയിൽ സഹായിക്കുന്ന ഗുരുശ്രേഷ്ഠർ, മാതൃ വാത്സല്യത്തോടെ ഞങ്ങളെ പരിചരിക്കുന്ന മാനേജ്മെന്റ്, പ്രത്യേകിച്ച് സ്കൂൾ കോർപ്പറേറ്റ് മാനേജർ റവ. സിസ്റ്റർ എലിസബത്ത് നൂറമാക്കൽ, സ്കൂൾ മാനേജർ റവ. സിസ്റ്റർ ഫിലോമിന പുത്തൻപുര എന്നിവർക്കും നന്ദിയർപ്പിച്ചുകൊണ്ട് ഈ റിപ്പോർട്ട് സവിനയം സമർപ്പിക്കുന്നു.

……………..